അനുവദിക്കുകയും 10 കിടക്കകളോടുകൂടിയ വൃദ്ധജന പരിപാലന വാർഡ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം വൃദ്ധജന പരിപാലന യൂണിറ്റിന് 10 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൊല്ലം ജില്ല ആയുർവേദ ആശുപത്രിയിൽ നിലവിൽ ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്.

മഴക്കാലപൂർവ്വ ശുചീകരണം

25 (2234) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ആരോഗ്യവകുപ്പ് 2015 വർഷത്തിൽ എത്ര രൂക വകയിരുത്തിയെന്നും ഇതിനകം എത്ര രൂക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

2015-16 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനും രോഗപ്രതിരോധ നിയന്ത്രണത്തിനുമായി ഓരോ ജില്ലയ്ക്കും 2 ലക്ഷം രൂപ വീതം ആകെ 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ രൂക ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ എൻ.എച്ച്.എം. വഴി 10,000 രൂപ വീതം ഓരോ വാർഡിനും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച രൂകയുടെ ചെലവഴിച്ച കണക്കുകൾ ജില്ലകളിൽ നിന്നും ശേഖരിച്ചുവരുന്നു.

അനധികൃത ലാബുകളും സ്കാനിംഗ് സെന്ററുകളും

26 (2235) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കൽ ലാബുകൾക്കും സ്കാനിംഗ് സെന്ററുകൾക്കും നിലവിൽ സർക്കാർ രജിസ്ട്രേഷൻ നിർബന്ധമാണോ ; എങ്കിൽ അംഗീകൃത സെന്ററുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത്എന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ ലബോറട്ടറികൾ പ്രവർത്തിക്കുന്നതിന് നിലവിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. സ്കാനിംഗ് സെന്ററുകൾക്ക് പി.സി.&പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാതല അപ്രോപ്രിയേറ്റ് അതോറിറ്റി ജില്ലാ മെഡിക്കൽ ഓഫീസർ നൽകുന്ന രജിസ്ട്രേഷൻ നിർബന്ധമാണ്. ജില്ലകളിലെ അംഗീകൃത സെന്ററുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലാബുകളിൽ പരിശോധനനടത്തി നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വ്യാപകമായി 26-8-2014-ൽ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ടീമുകൾ പോകുകയും പൊതുജനാരോഗ്യ നിയമപ്രകാരം 4278 ലാബുകൾ പരിശോധിക്കുകയും ചെയ്തു. പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് 1121 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും ഒട്ടും തൃപ്തികരമല്ലാത്ത 120 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തു. 27-2-2015-ൽ 2055 ലാബുകൾ പരിശോധന നടത്തി 350 സ്ഥാപനങ്ങൾക്ക് നോട്ടീസ് കൊടുക്കുകയും 47 ലാബുകൾ അടപ്പിക്കുകയും ചെയ്തു.

(സി) 'സേഫ് കേരള' പരിപാടിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സ്വകാര്യ ലാബുകളിൽ രണ്ട് പ്രാവശ്യവും സ്കാനിംഗ് സെന്ററുകളിൽ ഒരു പ്രാവശ്യവും പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. 26-5-2015-ൽ സംസ്ഥാനത്തെ 523 സ്കാനിംഗ് സെന്ററുകളിൽ ഇൻസ്പെക്ഷൻ നടത്തുകയും തൃപ്തികരമല്ലാത്ത 48 സ്കാനിംഗ് സെന്ററുകൾക്ക് നോട്ടീസ് നൽകുകയും തീരെ തൃപ്തികരമല്ലാത്ത 14 എണ്ണം അടപ്പിക്കുകയും ചെയ്തു. ഇടയ്ക്കിടെ ഉണ്ടാകുന്ന മിന്നൽ പരിശോധനവഴിയും പരാതി ലഭിക്കുന്ന മുറയ്ക്കും ലാബുകളിലും സ്കാനിംഗ് സെന്ററുകളിലും നടത്തുന്ന പരിശോധനാവേളയിൽ അവ സർക്കാർ അനുശാസിക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY, ARCHIVES Kerala Legislative Assembly

ചട്ടപ്രകാരമാണോ പ്രവർത്തിച്ചുവരുന്നതെന്ന് പരിശോധിക്കുകയും അപ്രകാരം അല്ല എന്ന് കണ്ടെത്തിയാൽ ലൈസൻസും ആവശ്യമായ മറ്റ് അനുമതികളും നേടിയെടുക്കാൻവേണ്ട നിർദ്ദേശങ്ങളും നൽകാറുണ്ട്. മേൽ സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായവിധത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആയത് ലഭിക്കുന്നതുവരെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള നിർദ്ദേശം നൽകാറുണ്ട്. ജില്ലാതല കമ്മിറ്റികൾ സ്ക്വാനിംഗ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഒഴിവുള്ള തസ്തികകൾ

27 (2236) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണ് ; ഇതിൽ നിലവിൽ ജോലി ചെയ്യുന്നവർ എത്രയെന്നും ഒഴിവുകൾ എത്രയെന്നും അറിയിക്കുമോ ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്ര പി. ജി. സീറ്റുകളുണ്ട് ; വിഭാഗം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തസ്തികകളുടെ വിശദാംശം താഴെ പറയുന്നു :

നിലവിലുള്ള ആകെ തസ്തികകളുടെ എണ്ണം- 1095

ആകെ നിലവിലുള്ള ഒഴിവുകൾ - 324

(ബി) നിലവിലുള്ള ഒഴിവുകൾ ടി തസ്തികയിൽ ജോലി ചെയ്തിരുന്നവർ സ്ഥലം മാറിപ്പോകുകയോ സ്ഥാനക്കയറ്റം ലഭിക്കുകയോ വിരമിക്കുകയോ ചെയ്തുമൂലമുണ്ടായവയാണ്. എൻട്രി കേഡർ തസ്തികകളിൽ പി.എസ്.സി. മുഖേനയും മറ്റ് ഒഴിവുകൾ സ്ഥാനക്കയറ്റം നൽകിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly